# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3500 22.08.2017 - ൽ മറുപടിക്ക്

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ആരോഗ്യവകുപ്പിൽ 25, 30 വർഷം സർവ്വീസുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ അതേ തസ്തികകളിൽ തന്നെ തുടരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഇവർക്ക് ലഭിക്കേണ്ട പ്രമോഷനുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | ബി) | ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഗ്രേഡ് - I ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ട്രെയിനിംഗ് യഥാസമയം നടത്താറുണ്ടോ; കാലതാമസം കൂടാതെ ട്രെയിനിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ; | സി) | ഗ്രേഡ് - I ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കഴിഞ്ഞ ബാച്ച് ട്രെയിനിംഗ് 03.10.2016-ന് അവസാനിച്ചു. സീനിയോറിറ്റി സംബന്ധിച്ച വിഷയവുമായി ബന്ധപ്പെട്ട് കേസുകൾ നിലനിൽക്കുന്നതിനാൽ അടുത്ത ബാച്ച് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കേസിന്റെ വിധി വന്നാലുടൻ അടുത്ത ബാച്ച് ട്രെയിനിംഗ് ആരംഭിക്കുന്നതാണ്. കാലതാമസം കൂടാതെ ട്രെയിനിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ഗ്രേഡ് - II ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രമോഷനുകൾ 1:1 അനുപാതത്തിൽ ആണോ നടത്തുന്നത് എന്ന് അറിയിക്കുമോ; | ഡി) | ഗ്രേഡ് - II ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രമോഷനുകൾ 1:1 അനുപാതത്തിലാണ് നടത്തുന്നത്. |
| ഇ) | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | ഇ) | 31.12.2006 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ